**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2314** **06-07-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ അഴിമതി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് എക്സൈസ് ഡിവിഷനിലെ ജീവനക്കാർക്ക് കൈക്കൂലി നൽകാൻ എത്തിച്ച 10.03 ലക്ഷം രൂപ വിജിലൻസ് പിടിച്ചെടുത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പുതല അന്വേഷണം നടത്തിയോ; | (എ) | പാലക്കാട് ഡിവിഷനിലെ ജീവനക്കാർക്ക് കൈക്കൂലി നൽകാൻ എത്തിച്ചതായി പറയുന്ന 10,23,600/- രൂപ വിജിലൻസ് പിടിച്ചെടുത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പ്തലത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | എക്സൈസ് വകുപ്പ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആയിരുന്ന ശ്രീ.എം.എം.നാസർ ഉൾപ്പെടെയുള്ള 14 എക്സൈസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് സ.ഉ(സാധാ)നം. 412/2022/നി.വ തീയതി 24.05.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | എക്സൈസ് വകുപ്പിലെ കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | എക്സൈസ് വകുപ്പിലെ കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്കും ലൈസൻസികൾക്കും നൽകുന്ന സേവനത്തിന് ഓൺലൈൻ സംവിധാനവും ലൈസൻസ് ഫീസ് അടയ്ക്കുന്നതിന് ഇ-ട്രഷറി സംവിധാനവും ഏർപ്പെടുത്തിയിട്ടുള്ളതാണ്. എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ച് ഉദ്യോഗസ്ഥരുടെ പ്രവർത്തനവും നിരീക്ഷിച്ചുവരുന്നു. അതോടൊപ്പം കൈക്കൂലിയും അഴിമതിയും നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ കർശനമായ അച്ചടക്കനടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ